പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7392 — 14.07.2014 ലെ മറുപടിയ്ക്ക്

**കാലാവസ്ഥാവ്യതിയാനം മൂലം കാർഷിക വിളകൾക്കുണ്ടാകാവുന്ന നാശനഷ്ടങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കാലാവസ്ഥ വ്യതിയാനം മൂലം കാർഷിക വിളകൾക്കുണ്ടാകാവുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2008-09 മുതൽ നടപ്പിലാക്കി വരുന്നു. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നത്. ഓരോ വിളകളുടെയും ഉല്പാദനത്തിൽ സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് മാനദണ്ഡമാക്കിയിരിക്കുന്നത്. ഓരോ സീസണിലും ഏതെല്ലാം വിളകളെയാണ് കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നത് എന്നത് കണക്കിലെടുത്താണ് പദ്ധതിയുടെ പ്രഖ്യാപിത പ്രദേശങ്ങളേയും, വിളകളേയും തീരുമാനിക്കുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന മഴക്കുറവ്, അതിവൃഷ്ടി, ഉണക്ക്, രോഗകീടാക്രമണ സാധ്യതയുള്ള കാലാവസ്ഥ, ശക്തിയായ കാറ്റ്, ഉയർന്ന ചൂട് മുതലായ പ്രതികൂല സാഹചര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക്ക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ